അപ്നാ ദേശ്


# ന്യൂയോർക്കിലെ രണ്ടാമത്തെ ക്നാനായ ദേവാലയം യാഥാർത്ഥ്യത്തിലേക്ക്

# റോക്‌ലാൻഡ് സെന്റ് മേരീസ് ക്നാനായ കാത്തലിക് ദേവാലയ ആശീർവാദവും പ്രധാന തിരുനാളും സെപ്റ്റംബർ 23, 24 തീയതികളിൽ





മാർ മാത്യു മൂലക്കാട്ട്
(കോട്ടയം അതിരൂപത മെത്രാപ്പോലീത്ത)



മാർ ജേക്കബ് അങ്ങാടിയത്ത്
(ചിക്കാഗോ രൂപത മെത്രാൻ)



മാർ ജോയി ആലപ്പാട്ട്
(ചിക്കാഗോ രൂപതാ സഹായമെത്രാൻ)



ഫാ. തോമസ് മുളവനാൽ
(വികാരി ജനറാൾ)



ഫാ. ജോസഫ് ആദോപ്പിള്ളിൽ
(വികാരി)

## പ്രോഗ്രാം

**2017 സെപ്റ്റംബർ 23**

9.30 am : അഭിവന്ദ്യ പിതാക്കന്മാർക്ക് സ്വീകരണം
10.00 am : ദേവാലയ ആശീർവാദം
10.30 am : വിശുദ്ധ കുർബാന
12.00 noon: പൊതുസമ്മേളനം
1.00 pm : സ്നേഹവിരുന്ന്

**2017 സെപ്റ്റംബർ 24**

3.00 pm : തിരുനാൾ കുർബാന
മാർ ജോയി ആലപ്പാട്ട്
തിരുനാൾ സന്ദേശം
വെരി. റവ. ഫാ. എബ്രഹാം മുത്തോലത്ത്
5.00 pm : പ്രദക്ഷിണം
5.45 pm : കലാസന്ധ്യ
6.45 pm : സ്നേഹവിരുന്ന്

## ചരിത്ര നാളുകളിലൂടെ

ന്യൂയോർക്: പ്രത്യാശയുടെ മാതാവിന് പ്രതിഷ്ഠിതമായിരിക്കുന്ന ന്യൂയോർക്ക് സെന്റ് മേരീസ് ക്നാനായ മിഷൻ, മറ്റേതൊരു കുടിയേറ്റ ജനത എന്നതുപോലെ, ന്യൂയോർക്കിൽ ഉള്ള ക്നാനായ കത്തോലിക്കരുടെ തനിമയുടെയും ഒരുമയുടെയും വിശ്വാസനിറവിന്റെയും ശക്തമായ ഒരു അടയാളമാണ്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തൊഴിലിനും മറ്റുമായി ന്യൂയോർക്കിലേക്കു കുടിയേറി താമസിച്ചിരുന്നവരും അടിസ്ഥാനപരമായി ക്നാനായ തനിമയിൽ ജീവിക്കുന്നവരുമായ കുറച്ചു കുടുംബങ്ങളിലൂടെ ആരംഭിച്ചു ശക്തമായി വളർന്നുവന്ന ചരിത്രമാണ് സെന്റ് മേരീസ് ക്നാനായ മിഷനുള്ളത്.

1960 കാലഘട്ടങ്ങളിൽ ഒറ്റപ്പെട്ട ക്നാനായ കുടിയേറ്റങ്ങൾ ന്യൂയോർക്കിൽ ഉണ്ടായി. 1970-80 കളിൽ നാട്ടിൽ നിന്നും വരുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നു. വി. ബലി അർപ്പണത്തിനും വിശ്വാസപരിശീലനത്തിനും ലാറ്റിൻ ഇടവകകളെ ആശ്രയിക്കേണ്ടി വന്ന സാഹചര്യത്തിൽ സ്വന്തമായി ഒരു ക്നാനായ മിഷൻ വേണമെന്ന ആഗ്രഹം ഇവരുടെ മനസ്സിൽ രൂഢമൂലമായി.

ക്നാനായക്കാരുടെ ആത്മീയമായ കാര്യങ്ങൾ നിറവേറ്റിത്തരുന്നതിനായി കോട്ടയം അതിരൂപതയിൽ നിന്നും ഉള്ള ഒരു വൈദികന്റെ സേവനം ലഭ്യമാക്കിത്തരണം എന്ന് ക്നാനായ അസോസിയേഷൻ അഭിവന്ദ്യ കുന്നശ്ശേരിൽ പിതാവിനോട് ആവശ്യപ്പെട്ടതു മൂലം ബഹു. ജോസഫ് ശൗര്യാംമാക്കിൽ അച്ചനെ പിതാവ് ന്യൂയോർക്കിലേക്ക് നിയോഗിച്ചു. ന്യൂയോർക്കിലെ ജനതയുടെ ബുദ്ധിമുട്ട് മനസിലാക്കിയ അച്ചൻ അഭിവന്ദ്യ കുന്നശ്ശേരി പിതാവുവഴി ന്യൂയോർക്ക് അതിരൂപതയുടെ കർദിനാൾ ആയിരുന്ന ഓകോണോർ പിതാവിന്റെ അനുവാദത്തോടുകൂടി ക്വുവിൻസ്, റോക് ലാൻഡ്, വെസ്റ്റ്ചെസ്റ്റർ, ന്യൂ ജേഴ്സി എന്നിവിടങ്ങളിൽ ക്നാനായ മിഷനുകൾ ആരംഭിച്ചു. തുടർന്ന് എല്ലാ മിഷനുകളിലും മാസത്തിൽ ഒരു വി. കുർബാന അർപ്പിച്ചു പോന്നു.

അതിനുശേഷം ബഹു. മൈക്കിൾ നെടുംതുരുത്തിൽ അച്ചൻ, തോമസ് കോട്ടൂർ അച്ചൻ, തോമസ് ആനിമൂട്ടിൽ അച്ചൻ, എബ്രഹാം കളരിക്കൽ അച്ചൻ, തോമസ് പ്രാലേൽ അച്ചൻ എന്നിവർ വിവിധ വർഷങ്ങളിൽ മിഷനുകളുടെ ഡയറക്ടേഴ്സ് ആയി സേവനം അനുഷ്ഠിച്ചു. 2001 ൽ ക്നാനായക്കാരുടെ സാമൂഹിക സാംസ്കാരിക ഉന്നമനം ലക്ഷ്യംവച്ച് റോക്ക്‌ലാന്റിൽ ക്നാനായ കമ്മ്യൂണിറ്റി സെന്റർ രൂപം കൊണ്ടു. അതേകാലഘട്ടത്തിൽത്തന്നെ ചിക്കാഗോ കേന്ദ്രീകരിച്ചു സെന്റ് തോമസ് സീറോ മലബാർ രൂപത നിലവിൽ വരികയും, അമേരിക്കയിൽ ഉള്ള ക്നാനായ മിഷനുകൾ സഭാപരമായി ചിക്കാഗോ സീറോ മലബാർ രൂപതയുടെ കീഴിൽ ആവുകയും ചെയ്തു.





ചിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപതയിൽ, അമേരിക്കയിൽ ഉടനീളം മിഷനുകളും ഇടവകകളും സ്ഥാപിതമായപ്പോൾ, ക്നാനായ റീജിയനു രൂപം നൽകുകയും അവർക്കായി ഒരു വികാരി ജനറലിനെ അഭിവന്ദ്യ ജേക്കബ് അങ്ങാടിയത്തു പിതാവ് നിയോഗിക്കുകയും ചെയ്തു. ഇന്ന് അമേരിക്കയിൽ ക്നാനായ റീജിയനിൽ അഞ്ചു ഫൊറോനകളിലായി 12 ദേവാലയങ്ങളും 10 മിഷനുകളും സജീവമായി പ്രവർത്തിക്കുന്നു. റോക് ലാൻഡ് സെന്റ് മേരീസ് ക്നാനായ ദേവാലയം, അമേരിക്കയിലെ പതിമൂന്നാമത്തെ ക്നാനായ ദേവാലയവും ന്യൂയോർക്കിലെ രണ്ടാമത്തെ ക്നാനായ ദേവാലയവുമാണ്.

2008 ൽ മിഷൻ ഡയറക്ടർ ആയിരുന്ന ബഹു. ജെയിംസ് പൊങ്ങാനയിൽ അച്ചന്റെ നേതൃത്വത്തിൽ കണക്റ്റിക്കട്ടിൽ ഒരു ക്നാനായ മിഷൻ ആരംഭിക്കുകയും റോക്‌ലാൻഡ് മിഷനുകളിൽ എല്ലാ ഞായറാഴ്ചകളിലും വി. കുർബാനയും വേദപാഠ പരിശീലനവും ആരംഭിക്കുകയും ചെയ്തു. തുടർന്ന് ബഹു. ജോസ് തറക്കൽ അച്ചന്റെ ശക്തമായ നേതൃത്വത്തിൽ ബ്രൂക്ലിൻ ക്യൂൻസ് ക്നാനായ മിഷനിൽ ന്യൂയോർക്കിലെ ആദ്യത്തെ ക്നാനായ ദേവാലയം 2012 ൽ സ്ഥാപിതമാവുകയും പിന്നീടതു ഫൊറോനയായി ഉയർത്തപ്പെടുകയും ചെയ്തു.

2012 ൽ ബഹു. റെനി കട്ടേലച്ചൻ റോക്‌ലാൻഡ്, വെസ്റ്റ്ചെസ്റ്റർ, കണക്റ്റിക്കട്ട് മിഷനുകളുടെ പുതിയ മിഷൻ ഡയറക്ടർ ആയി വരികയും എല്ലാ മിഷനുകളിലും സ്വർഗീയ മധ്യസ്ഥന്റെ തിരുന്നാൾ ആഘോഷപൂർവം കൊണ്ടാടാൻ ആരംഭിക്കുകയും ന്യൂ ജേഴ്സി ക്നാനായ മിഷൻ സജീവമാക്കുകയും എല്ലാ ഞായറാഴ്ചകളിലും വി. കുർബാന ആരംഭിക്കുകയും ചെയ്തു. ഈ കാലഘട്ടങ്ങളിൽ റോക്‌ലാൻഡ് കമ്മ്യൂണിറ്റി സെന്ററിൽ അസോസിയേഷൻ മിഷൻ ധാരണപ്രകാരം മിഷന്റെ ആത്മീയകാര്യങ്ങൾ അഭിവന്ദ്യ ജേക്കബ് അങ്ങാടിയത്തു പിതാവിന്റെ അനുവാദത്തോടുകൂടി താത്കാലികമായി നടത്തിപ്പോന്നു.

അമേരിക്കയിൽ സെന്റ് തോമസ് സീറോ മലബാർ രൂപതയിൽ കമ്മ്യൂണിറ്റി സെന്ററുകളിൽ നിന്നും വി. കുർബാനകൾ ദേവാലയ അന്തരീക്ഷത്തിലേക്ക് മാറ്റണം എന്ന നിർദ്ദേശം നിലനിൽക്കുന്ന സാഹചര്യത്തിൽ 2015 ഡിസംബർ മാസത്തിൽ ബഹു. ജോസഫ് ആദോപ്പിള്ളിൽ അച്ചൻ മിഷനുകളുടെ ഡയറക്ടർ ആയി ചാർജ് എടുത്തപ്പോൾ സ്വന്തം ആയി ഒരു ദേവാലയം എന്ന ആശയം ജനഹൃദയങ്ങളിൽ രൂപമെടുത്തു.

പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും ഇടയിൽ അഭിവന്ദ്യ ജേക്കബ് അങ്ങാടിയത്തു പിതാവിന്റെ നിർദ്ദേശപ്രകാരം 2016 ഫെബ്രുവരി ഏഴാം തീയതി റോക്‌ലാന്റിൽ തന്നെയുള്ള മരിയൻ ഷ്രയിൻ എന്ന തീർത്ഥാടന ദേവാലയത്തിലേക്ക് വി. കുർബാനയും മിഷന്റെ മറ്റു പ്രവർത്തനങ്ങളും മാറ്റപ്പെടുകയുണ്ടായി. അതോടൊപ്പം റോക് ലാൻഡ് വെസ്റ്റ്ചെസ്റ്റർ മിഷനിൽ കൂടാരയോഗം, മിഷന്റെ ക്രിസ്തുമസ് കരോൾ, മിഷൻ ബുള്ളറ്റിൻ, സോഷ്യൽ മീഡിയ എന്നിവ ആരംഭിച്ചത് മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കരുത്തുറ്റതാക്കി.

അതോടൊപ്പം തന്നെ 2016 ജൂലൈ മാസത്തിൽ കൂടിയ റോക്‌ലാൻഡ് - വെസ്റ്റ്ചെസ്റ്റർ മിഷനുകളുടെ സംയുക്ത പൊതുയോഗത്തിൽ സ്വന്തമായി ദേവാലയം വേണം എന്ന തീരുമാനം എടുക്കുകയും ഫാ. ജോസ് ആദോപ്പിള്ളിൽ, തോമസ് പാലച്ചേരിൽ, തോമസ് തറത്തട്ടേൽ, ജസ്റ്റിൽ ചാമക്കാലായിൽ, ജോസഫ് കിഴങ്ങാട്ട്, ഫിലിപ്പ് ചാമക്കാലായിൽ, സിബി മണലേൽ എന്നിവർ അടങ്ങുന്ന ബിൽഡിങ് കമ്മിറ്റിയെയും ലിബിൻ പാണപറമ്പിൽ, സനു കൊല്ലരേട്ട്, അലക്സ് കിടാരത്തിൽ എന്നിവർ അടങ്ങുന്ന ഫിനാൻസ് കമ്മിറ്റിയെയും തിരഞ്ഞെടുത്തു.

2016 സെപ്റ്റംബറിൽ റോക്‌ലാൻഡ് - വെസ്റ്റ്ചെസ്റ്റർ ക്നാനായ മിഷന്റെ പരിശുദ്ധ ദൈവ മാതാവിന്റെ തിരുനാളിനോട് അനുബന്ധിച്ചു നടത്തിയ ഏലക്കാ മാല ലേലം വിശ്വാസികൾക്ക് ആവേശവും ആഹ്ളാദവും ഉണർത്തുന്നതായിരുന്നു. പരിശുദ്ധ മാതാവിന്റെ പേരിൽ ഒരു ദേവാലയം ഉണ്ടാകണം എന്ന ആഗ്രഹം മുൻനിറുത്തി ക്യൂൻസ്, വെസ്റ്റ്ചെസ്റ്റർ, റോക്‌ലാൻഡ്, കണക്റ്റിക്കട്ട്, ന്യൂ ജേഴ്സി ക്നാനായ മിഷനുകളിലെ അംഗങ്ങൾ ലേലത്തിൽ പങ്കെടുത്തു. ആവേശകരമായ ജനകീയ ലേലത്തിലൂടെ 42000 ഡോളർ ദേവാലയം മേടിക്കുന്നതിനുള്ള ബിൽഡിംഗ് ഫണ്ടിലേക്ക് സ്വരൂപിച്ചു. തുടർന്ന് മാർച്ച് ഇരുപത്താറാം തീയതി ഫണ്ട് റെസിംഗ് പ്രോഗ്രാമിന്റെ ഉദ്ഘാടനം ചിക്കാഗോ സീറോ മലബാർ രൂപത ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്ത് ഉദ്ഘാടനം നിർവഹിച്ചു.

കിക്കോഫ് ദിനത്തിൽ ബിൽഡിംഗ് ഫണ്ടിലേക്കു 175,000 ഡോളർ സ്പോൺസർഷിപ്പ് ലഭിച്ചു.

ബിൽഡിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ റോക്‌ലാൻഡ് കൗണ്ടിയിൽ ഉണ്ടായിരുന്ന അനുയോജ്യമായ നിരവധി ദേവാലയങ്ങൾ സന്ദർശിക്കുകയും അവയെപ്പറ്റിയുള്ള വിവരങ്ങൾ 2017 ജൂൺ മാസത്തിൽ കൂടിയ സംയുക്ത പൊതുയോഗത്തിൽ അവതരിപ്പിക്കുകയും ചെയ്തു. റോക്‌ലാൻഡ് കൗണ്ടിയിലെ ഹാവ്സ്ട്രോ വില്ലേജിൽ ന്യൂയോർക് അതിരൂപതയുടെ കീഴിൽ ഉള്ള സെന്റ് മേരി ഓഫ് ദി അസംപ്ഷൻ എന്ന പള്ളി സ്വന്തം ആക്കുവാൻ പൊതുയോഗം ഐകകണ്ഠ്യമായി തീരുമാനിക്കുകയും ദൈവാലയം സ്വന്തമാകുവാനുള്ള നടപടിക്രമങ്ങൾക്ക് അനുവാദം കൊടുക്കുകയും ചെയ്തു. അഭിവന്ദ്യ ജേക്കബ് അങ്ങാടിയത്തു പിതാവിന്റെയും ജോയി ആലപ്പാട്ട് പിതാവിന്റെയും പരിശ്രമങ്ങളുടെ ഫലമായി ജൂലൈ മാസത്തിൽ ന്യൂയോർക് അതിരൂപതയുമായി കോൺട്രാക്ട് ഒപ്പു വയ്ക്കുവാൻ സാധിച്ചത് ഒരു ചരിത്ര മുഹൂർത്തമായി.



സനു കൊല്ലരേട്ട്
(പി.ആർ.ഒ.)

ബഹു. കളരിക്കൽ അച്ചൻ മിഷൻ ഡയറക്ടർ ആയിരിക്കെ പന്ത്രണ്ടു വർഷങ്ങൾക്ക് മുൻപ് പത്തു മാസത്തോളം ഇതേ പള്ളി ക്നാനായ സമൂഹം പ്രത്യേക സാഹചര്യത്തിൽ കുർബാന അർപ്പിക്കുവാനായി ഉപയോഗിച്ചിരുന്നു. പരിശുദ്ധ മാതാവിന്റെ നാമത്തിലുള്ള ക്നാനായ മിഷൻ മാതാവിന്റെ നാമത്തിൽ തന്നെയുള്ള മനോഹരമായ ദൈവാലയം സ്വന്തമാക്കുന്നു എന്നത് വലിയ ദൈവീക പരിപാലനയുടെയും ദൈവാനുഗ്രഹത്തിന്റെയും തെളിവാണ്. വിശാലമായ പാർക്കിംഗ് ലോട്ട്, സോഷ്യൽ ഹാൾ, പള്ളിമുറി തുടങ്ങി അനവധി സൗകര്യങ്ങൾ ഉള്ള ഈ പള്ളി റോക്‌ലാൻഡ് - വെസ്റ്റ്ചെസ്റ്ററിലുള്ള ക്നാനായക്കാർക്ക് ഒരു അനുഗ്രഹം തന്നെയാണ്.

നാളിതുവരെയായി മിഷനുകളായി പ്രവർത്തിച്ച റോക്‌ലാൻഡ് - വെസ്റ്റ്ചെസ്റ്റർ ക്നാനായ സമൂഹം 2017 സെപ്റ്റംബർ ഇരുപത്തിമൂന്നാം തീയതി ഇടവകയായി ഉയർത്തപ്പെടുകയാണ്. അതോടൊപ്പം തന്നെ പുതിയ ദേവാലയത്തിലെ ആദ്യത്തെ തിരുന്നാൾ സെപ്റ്റംബർ ഇരുപത്തിനാലാം തീയതി ഞായറാഴ്ച ഏറ്റവും ഭക്തിയോടുകൂടി നടത്തപ്പെടുകയും ചെയ്യുന്നു. അഭിവന്ദ്യ പിതാക്കന്മാരും വൈദീകരും അത്മായരും ഒന്നുചേരുന്ന ഈ ധന്യമുഹൂർത്തത്തിലേക്കു എല്ലാവരെയും സാദരം ക്ഷണിക്കുകയും പ്രതിസന്ധിഘട്ടങ്ങളിൽ പ്രാർത്ഥനകളോടെ കൂടെ നിന്ന് അനുഗ്രഹിച്ച അഭിവന്ദ്യരായ ജേക്കബ് അങ്ങാടിയത്തു പിതാവിനെയും മാത്യു മൂലക്കാട്ട് പിതാവിനെയും ജോയി ആലപ്പാട്ട് പിതാവിനെയും ജോസഫ് പണ്ടാരശ്ശേരിൽ പിതാവിനെയും ക്നാനായ റീജിയനു ശക്തമായ നേതൃത്വം നൽകുന്ന മോൺസിഞ്ഞോർ ബഹു. തോമസ് മുളവനാൽ അച്ചനെയും മറ്റു വൈദീകരെയും അത്മായ സുഹൃത്തുക്കളെയും പ്രിയപ്പെട്ടവരെയും ഈ അവസരത്തിൽ ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. ന്യൂയോർക്കിലെ രണ്ടാമത്തെ ഈ ഇടവക ദേവാലയം ക്നാനായ ജനതയുടെ ആത്മീയമായ വളർച്ചയ്ക്ക് ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



ഫിലിപ്പ്
ചാമക്കാലായിൽ



സിബി
മണലേൽ



എബ്രാഹം
പുലിയാലക്കുന്നേൽ



റെജി
ഒഴുങ്ങാലിൽ

കൈക്കാരൻമാർ



ലിബിൻ
പാണപറമ്പിൽ
(അക്കൗണ്ടന്റ്)



അലക്സ്
കിടാരത്തിൽ
(അക്കൗണ്ടന്റ്)



ജോസഫ്
കീഴങ്ങാട്ട്
(മിഷൻ സെക്രട്ടറി)



തോമസ്
ഇഞ്ചേനാട്ട്
(ലിറ്റർജി കോ-ഓർഡിനേറ്റർ)



തോമസ്
പാലച്ചേരിൽ
(പ്രോഗ്രാം കൺവീനർ)



സാബു
മേക്കാട്ടിൽ
(ഡി. ആർ. ഇ.)



ഗ്രാജുവേഷൻ സെറിമണിയിൽ നിന്ന്



ഓണാഘോഷത്തിൽ നിന്ന്



കൂടാരയോഗത്തിൽ മാർ ജോസഫ് പണ്ടാരശ്ശേരിൽ സംസാരിക്കുന്നു.



ബിൽഡിംഗ് കമ്മിറ്റി



ക്രിസ്തുമസ് കരോളിൽ നിന്ന്




Jose & Mini Chamakalayil



Bose and Sali Panaparambil

Best Wishes



Joby and Sherly Kollarettu



Thomas and Jancy Tharathattel